# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
**KERALA STATE LITERACY MISSION AUTHORITY**

**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

TC No. 24/1461, Vanchiyoor, Convent Road, Kammattam Lane, Thiruvananthapuram-35

Phone: 0471-2472253, 2472254, Fax: 0471-2462252, E-mail: stateliteracymission@gmail.com


തീയതി **:15.11.2017**

## വിപുലമായ പരിപാടികളുമായി സാക്ഷരതാമിഷൻ
# പരിസ്ഥിതി സെമിനാർ 19 ന് തുടങ്ങും; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഈ മാസം (നവംബർ) 19,20 തീയതികളിൽ പരിസ്ഥിതി സെമിനാർ സംഘടിപ്പിക്കും. സാക്ഷരതാമിഷന്റെ പരിസ്ഥിതി സാക്ഷരതാപദ്ധതിയുടെ ഭാഗമായാണിത്. തൈക്കാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ 19ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സെമിനാർ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി സാക്ഷരതാപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 2000 വാർഡുകളിൽ ജലസ്രോതസ്സുകളുടെ വിവരശേഖരണം സാക്ഷരതാമിഷൻ നടത്തിയിരുന്നു. ഈ സ്ഥിതിവിവരപഠനത്തിന്റെ റിപ്പോർട്ട് ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ.ടി.എൻ. സീമയ്ക്കു നൽകി ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും. വി.എസ്.ശിവകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കും. സഹകരണവകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥിയാകും. നഗരസഭാ മേയർ വി.കെ.പ്രശാന്ത്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു, സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല തുടങ്ങിയവർ പങ്കെടുക്കും. 'നവകേരളം മിഷനും പരിസ്ഥിതി സൗഹൃദവും' എന്ന വിഷയത്തിൽ മുൻ ചീഫ്സെക്രട്ടറി എസ്.എം.വിജയാനന്ദ് പ്രഭാഷണം നടത്തും.

മണ്ണ്, ജലം, കാലാവസ്ഥാ വ്യതിയാനം, മാലിന്യനിർമ്മാർജനം, ജൈവവൈവിധ്യങ്ങൾ, ഹരിതഭവനം എന്നീ മേഖലകളിലെ 24 പ്രബന്ധങ്ങൾ രണ്ടു ദിവസങ്ങളിലായി സെമിനാറിൽ അവതരിപ്പിക്കും. ആദിവാസി മേഖലയിൽ നിന്നും, ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുമുള്ളവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നവരിൽ ഉൾപ്പെടുന്നു.

20ന് ഉച്ചയ്ക്കു രണ്ടിന് നടക്കുന്ന സാമപനയോഗം വിദ്യാഭ്യാസവകുപ്പു മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഉഷാടൈറ്റസ് അധ്യക്ഷത വഹിക്കും. 'പരിസ്ഥിതിസൗഹൃദ ജീവിതം' എന്ന വിഷയത്തിൽ ആസൂത്രണബോർഡ് അംഗം ഡോ.ബി. ഇക്ബാൽ പ്രഭാഷണം നടത്തും. ദ്വിദിന സെമിനാറിന്റെ ഭാഗമായി രണ്ടു വേദികളിലായി ആറുവിഷയങ്ങളിൽ നടക്കുന്ന ചർച്ചകൾക്കു വിദ്യാഭ്യാസ പ്രവർത്തകൻ കെ.കെ.കൃഷ്ണകുമാർ, ശുചിത്വമിഷൻ ഡയറക്ടർ എൽ.പി. ചിത്തർ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഹാബിറ്റാറ്റ് ചെയർമാൻ ജി.ശങ്കർ, ജൈവവൈവിധ്യ ബോർഡ് സീനിയർ പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ.സുരേഷ്ബാബു, സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് റിട്ട. ജോയിന്റ് ഡയറക്ടർ എഡിസൺ എന്നിവർ മോഡറേറ്റർമാരാകും. മാനവീയം തെരുവോരക്കൂട്ടം അവതരിപ്പിക്കുന്ന മാനവീയ ഗാനങ്ങൾ, ചലച്ചിത്രപ്രദർശനം എന്നിവയുമുണ്ടായിരിക്കും.

അക്ഷരങ്ങൾക്കും അക്കങ്ങൾക്കുമപ്പുറം ആരോഗ്യകരവും പരിസ്ഥിതി സന്തുലിതവുമായ സാമൂഹ്യജീവിതത്തിന് ജനങ്ങളെ പ്രാപ്തമാക്കുകയാണ് പരിസ്ഥിതി സാക്ഷരതാപദ്ധതിയിലൂടെ സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**